**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **26-07-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമി പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന ഭൂമി പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ മിച്ചഭൂമി പതിച്ചു നൽകി പട്ടയം വിതരണം ചെയ്യുന്നത് വേഗത്തിലാക്കാൻ ജില്ലാ തലത്തിൽ തന്നെ തീരുമാനമായിട്ടുണ്ട്. ദേവസ്വം ഭൂമി സംബന്ധമായ നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP (C) 8851/2020 നമ്പർ കേസ് തീർപ്പാകാത്തതിനാൽ കണ്ണൂർ ജില്ലയിലുള്ള ദേവസ്വം ഭൂമിയ്ക്ക് ക്രയ സർട്ടിഫിക്കറ്റ് നൽകുന്ന നടപടി താല്ക്കാലികമായി നിർത്തി വച്ചിട്ടുള്ളതിനാൽ ആയത് പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പട്ടയ വിതരണത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും പരമാവധി കേസുകളിൽ വിചാരണ പൂർത്തിയാക്കാനുള്ള നടപടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്. പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളുടെ വിതരണം ഏറ്റവും നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ പരിഹരിക്കുവാൻ കഴിയുന്ന വിഷയങ്ങൾ പോലും പരിഹരിക്കാൻ കഴിയാതെ നീണ്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പയ്യന്നൂർ നിയോജക മണ്ഡലത്തിലുള്ള പട്ടയ വിതരണം സംബന്ധമായ ഭൂപ്രശ്നം ജില്ലാ തലത്തിൽ പരിഹരിക്കേണ്ടവയെന്നും, സർക്കാരിന്റെ / ലാൻഡ് ബോർഡിന്റെ ഉത്തരവ്/ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഹരിക്കാൻ കഴിയുന്നവയെന്നും തരം തിരിച്ച് പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ